₹ 5/-

# റിയൽ ലൈഫ് വോയ്സ്

# REAL LIFE VOICE

Monthly

Volume 14
Issue 2

**August 2025**

pages 24

"അവനെ ഞങ്ങൾ അറിയിക്കുന്നതിൽ ഏത് മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവനായി നിറുത്തേണ്ടതിന് ഏതു മനുഷ്യനെയും പ്രബോധിപ്പിക്കുകയും ഏതു മനുഷ്യനോടും സകല ജ്ഞാനത്തോടും കൂടെ ഉപദേശിക്കയും ചെയ്യുന്നു. അതിനായി ഞാൻ എന്നിൽ ബലത്തോടെ വ്യാപരിക്കുന്ന അവന്റെ വ്യാപാരശക്തിക്ക് ഒത്തവണ്ണം പോരാടിക്കൊണ്ട് അധ്വാനിക്കുന്നു"

**(കൊലൊസ്യർ 1:28–29)**

REAL LIFE VOICE

KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# REAL LIFE VOICE

**Volume 14 Issue 2 August 2025 pages 24 Rs.5/**

**Email:** reallifekottekad@gmail.com **Website:** www.reallifevoice.in

*Real Life Voice is a Christian magazine dedicated to studying the Word of God and analysing current events*

**Book No. 164**



**Editor:**
Dr. Sebastian M.V.
Ph: 95 44 557 557

**DTP:**
Dr. Sebastian M.V.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013



**Annual Subscription:**
Rs.60/-

***Bank:***
State Bank of India
*Branch:*
Punnamparambu
*IFS Code:*
SBIN0070342
*A/c No.:*
40447607951
*Name:*
Sebastian M V


## ഉള്ളടക്കം


| | പേജ് |
|---|---|
| • വിവേകം നഷ്ടപ്പെടുമ്പോൾ.. | 3 |
| • പ്രതികരണങ്ങൾ | 6 |
| • ആസ്യയിലെ ഏഴ് സഭകൾ (18) | 8 |
| • കെ. വി. ഐസക്ക്(അഭിമുഖം)(17) | 11 |
| • യോനാ (പുസ്തകപഠനം) (15) | 14 |
| • ജോർജ്ജും ബേബിയും (2) | 17 |
| • തട്ടും തലോടലും (9) | 20 |
| • കൊച്ചുണ്ണിയുടെ ബൈബിൾവായന (29) | 21 |
| • ഛത്തിസ്ഗഡിലെ കന്യാസ്ത്രീകൾ | 24 |


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ



# വിശ്വാസികൾക്ക് വിവേകം നഷ്ടപ്പെടുമ്പോൾ

വിശ്വാസികളായാലും അല്ലെങ്കിലും വിവേകം ആവശ്യമാണ്. വിവേകം നഷ്ടപ്പെട്ടവനെ പന്നി എന്നാണ് വേദപുസ്തകം വിശേഷിപ്പിച്ചിരിക്കുന്നത്. "വിവേകമില്ലാത്ത ഒരു സുന്ദരി പന്നിയുടെ മൂക്കിൽ പൊൻമൂക്കുത്തി പോലെ" (സദൃശവാക്യങ്ങൾ 11:22). ഈ വാക്യത്തിൽ വിവേകമില്ലായ്മ യേയും സൗന്ദര്യത്തെയും യഥാക്രമം പന്നിയോടും പൊൻമൂക്കുത്തിയോടും ഉപമിച്ചിരിക്കുന്നു. വിവേകമില്ലായ്മ കാണിക്കുന്നവൻ പന്നിക്ക് തുല്യം എന്നർത്ഥം.

പന്നിയെ അശുദ്ധമൃഗമായിട്ടാണ് പഴയനിയമം പ്രഖ്യാപിച്ചിട്ടുള്ളത് (ലേവ്യാപുസ്തകം 11:7). മുത്തുകളുടെ മൂല്യം മനസ്സിലാക്കാൻ കഴിവി ല്ലാത്തതും ആക്രമണവാസന നടത്തുന്നതുമായ ജന്തുവായും (മത്തായി 7:6), വൃത്തി ഇഷ്ടപ്പെടാത്ത ജീവിയായും (2 പത്രൊസ് 2:22) പുതിയനി യമം പന്നിയെ വിവരിക്കുന്നു. വിവേകമില്ലാതെ പെരുമാറുന്നവർ, എത്ര ഭക്ത രായ വിശ്വാസികളായാലും, വേദപുസ്തകപ്രകാരം പന്നിക്ക് തുല്യമാണ്.

വിശ്വാസികൾ വിവേകമില്ലാതെ പെരുമാറുന്ന ചില സന്ദർഭങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്:

**1. കുടുംബപ്രാർത്ഥനയിലെ ബൈബിൾവായന**

കർത്തൃമേശയുടെ സമയത്ത് പരിഛേദന സംബന്ധിച്ച വാക്യമെടുത്ത് വായിച്ച് പരിഛേദനയെക്കുറിച്ച് പ്രസംഗിച്ചാൽ എങ്ങനെയിരിക്കും? ആ പ്രസംഗിക്കുന്നവന് തലയ്ക്ക് ഓളമുണ്ട് എന്ന് നാം പറയും. കല്യാണത്തിന് ക്രിസ്തുവിൽ മരിച്ചവരുടെ പ്രത്യാശ എന്ന വിഷയമെടുത്ത് സംസാരിച്ചാൽ എങ്ങനെ ശരിയാകും? ശവസംസ്കാരവേളയിൽ ലഭിക്കുന്ന അവസരത്തിൽ തമാശകൾ പറഞ്ഞ് കേൾവിക്കാരെ ചിരിപ്പിക്കാൻ നോക്കിയാൽ എന്തായി രിക്കും ഫലം? വിവേകമുള്ളവർ ആരും അപ്രകാരം ചെയ്യില്ല.

ഓരോ സന്ദർഭത്തിനും ചേരുന്ന വേദഭാഗങ്ങൾ എടുക്കാനുള്ള വിവേ കം വിശ്വാസികൾ പൊതുവെ കാണിക്കാറുണ്ട്. പക്ഷേ ഈ വിവേകം കുടും

ബപ്രാർത്ഥനകളിലുള്ള വേദപുസ്തകവായനയിൽ കാണിക്കാറില്ല എന്ന കാര്യം ദുഃഖകരമെന്നേ പറയേണ്ടൂ. ചിലർ കുടുംബപ്രാർത്ഥനയിൽ ഉത്പത്തി മുതൽ വെളിപ്പാട് വരെ ക്രമമായി വായിക്കുന്നവരുണ്ട്. ദൈവജനത്തിന്റെ വഴിപിഴച്ച പോക്കിൽ മനം നൊന്ത് പ്രവാചകന്മാർ ആത്മരോഷത്തോടെ വിളിച്ചുപറഞ്ഞ കാര്യങ്ങൾ പലതും ഒരു കുടുംബാന്തരീക്ഷത്തിലോ സഭാന്തരീക്ഷത്തിലോ വായിക്കാൻ പറ്റാത്തവയാണ്. ലോത്തിന്റെ പെൺമക്കൾ ഗർഭിണികളായ വിശേഷം കുടുംബപ്രാർത്ഥനയിൽ വായിക്കുന്നതുകൊണ്ട് പ്രയോജനമൊന്നുമില്ലെന്നു മാത്രമല്ല പ്രത്യാഘാതങ്ങൾ വളരെയധികം ഉണ്ടാവുകയും ചെയ്യും.

കുടുംബപ്രാർത്ഥനയിൽ വേദഭാഗങ്ങൾ വായിക്കുമ്പോൾ, ആ അന്തരീക്ഷത്തിനു ചേരുന്നത് തെരഞ്ഞെടുക്കാനുള്ള വിവേകം ദൈവജനം കാണിക്കണം. എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാണെങ്കിലും എല്ലാ തിരുവെഴുത്തും എല്ലാ സന്ദർഭങ്ങളിലും ചേരുന്നതല്ല. സാഹചര്യത്തിന് ചേരുന്നത് മാത്രം തെരഞ്ഞെടുത്ത് വായിക്കുക. വിവേകം പ്രദർശിപ്പിക്കുക.

### 2. വിവാഹവേദിയിലെ സമയദൈർഘ്യം

ദൈവമക്കൾ വിവേകമില്ലാതെ പെരുമാറുന്ന മറ്റൊരു സന്ദർഭമാണ് വിവാഹാവസരം. വിവാഹത്തിനു വന്നുചേരുന്നവർ പല തരക്കാരാണ്. അവരെ ബോറടിപ്പിക്കാതെ, സമയം വലിച്ചുനീട്ടാതെ, ഉചിതമായി വിവാഹശുശ്രൂഷ നടത്തുന്നതിൽ പലരും പരാജയമാണ്. സമയം പാലിക്കാത്ത പ്രസംഗകർ, തൊട്ടതിനും പിടിച്ചതിനുമെല്ലാം വിശദീകരണങ്ങൾ പറഞ്ഞ് സമയം നീട്ടിക്കൊണ്ടുപോകുന്ന അദ്ധ്യക്ഷൻ, വീഡിയോക്കാരുടെ നിയന്ത്രണത്തിൽ കാട്ടിക്കൂട്ടുന്ന കോപ്രായങ്ങൾ, വധുവിന്റെ സാരിമാറൽച്ചടങ്ങും വധു കല്യാണശേഷം പുതിയസാരി (മന്ത്രകോടിയുടെ മറ്റൊരു രൂപം) മാറി വരുന്നതുവരെ സദസ്സ് കാത്തിരിക്കുന്നത്... എന്നിങ്ങനെ സമയം അനാവശ്യമായി നഷ്ടപ്പെടുത്തി, ക്ഷണിച്ച ആളുകളെ പരമാവധി ക്ഷീണിപ്പിക്കുന്ന ഇത്തരം പരിപാടികൾ നാം ഉപേക്ഷിക്കുക തന്നെ വേണം.

വിവാഹശുശ്രൂഷകൾ അനാവശ്യമായി വലിച്ചുനീട്ടുന്നതുകൊണ്ട്, വിശ്വാസികളിൽപോലും പലരും സദ്യയുടെ നേരം നോക്കിയാണ് കല്യാണത്തിനു പോകുന്നത്. ശുശ്രൂഷകളിൽ പങ്കെടുക്കുവാൻ പലർക്കും താത്പര്യമില്ല. സമയംകൊല്ലികളായ ചടങ്ങുകൾ നിമിത്തമാണ് ഇങ്ങനെയെല്ലാം സംഭവിച്ചുപോകുന്നത്. വിവാഹത്തിന്റെ എല്ലാ കാര്യവും കഴിഞ്ഞിട്ട് ആശംസ പറയുന്ന ഒരു ഐറ്റമുണ്ട്. രണ്ട് മിനിറ്റ് എന്നു പറഞ്ഞിട്ടാണ് ആശംസക്കാരനെ വിളിക്കുന്നതെങ്കിലും അദ്ദേഹം പരന്ന് പടർന്ന് പന്തലിച്ച് പതിനഞ്ചു മിനിറ്റെങ്കിലും സംസാരിക്കും. കേൾവിക്കാരുടെ ക്ഷമ ഇങ്ങനെ പരീക്ഷിക്കരുത്.

### 3. സംസ്കാരശുശ്രൂഷയിൽ മനുഷ്യരെ തൃപ്തിപ്പെടുത്തൽ

ഒരു വിശ്വാസി നിത്യതയിൽ ചേർക്കപ്പെട്ടാൽ, അദ്ദേഹം ഇവിടെ ശേഷിപ്പിച്ച അദ്ദേഹത്തിന്റെ ഭൗതികശരീരം അടക്കം ചെയ്യുന്ന ശുശ്രൂഷയിലും വിവേകത്തിന്റെ കുറവ് പലപ്പോഴും കാണാറുണ്ട്. ആ സന്ദർഭത്തിൽ ശുശ്രൂഷകളാൽ ദൈവത്തെ മഹത്വപ്പെടുത്തുന്നതിനേക്കാൾ, വന്നിട്ടുള്ള പലരെയും തൃപ്തിപ്പെടുത്തുന്നതിനുള്ള അവസരമായി അതിനെ അധഃപതിപ്പിക്കുന്നത് ഉചിതമായ കാര്യമല്ല. ചില 'വിലയേറിയ ദൈവദാസന്മാർ' അവസാന നിമിഷങ്ങളിൽ ഓടിയെത്തും. അത് കുഴപ്പമില്ല. അവരുടെ ശുശ്രൂഷകളിലെ തിരക്കുനിമിത്തമായിരിക്കാം. പക്ഷേ അവർക്ക് അന്നേരം സംസാരിക്കാൻ അവസരം കൊടുക്കണമെന്ന് ചിലർ വാദിക്കുകയും, അവസരം കിട്ടിയില്ലെങ്കിൽ അവർ പിണങ്ങുകയും ചെയ്യുന്ന സാഹചര്യം ഉണ്ടായാൽ അത് വിവേകരഹിതമായ പ്രവൃത്തിയാണ്.

നിശ്ചിതസമയവും കഴിഞ്ഞ്, വചനശുശ്രൂഷയുടെ സമയം വെട്ടിക്കുറച്ച്, വല്ലവിധേന ആ മൃതശരീരം അടക്കം ചെയ്തുകഴിയുമ്പോൾ ശുശ്രൂഷ ലീഡ് ചെയ്ത സഹോദരൻ ആശ്വാസത്തിന്റെ നിശ്വാസം വിടുന്നു. മരിച്ച വ്യക്തിക്ക് ജീവനില്ലാത്തത് ഭാഗ്യം. അല്ലെങ്കിൽ അദ്ദേഹവും ശവപ്പെട്ടിയിൽ കിടന്ന് ആശ്വാസത്തിന്റെ ഒരു 'ഹാവൂ' പറഞ്ഞേനേ. ദൈവത്തിനു മഹത്വം കൊടുക്കുക എന്ന ലക്ഷ്യത്തിൽനിന്ന് പിന്മാറിക്കൊണ്ട് നടത്തുന്ന സകല ശുശ്രൂഷകളും വാസ്തവത്തിൽ ശുശ്രൂഷകളേ അല്ല. കാരണം അത്തരം വേളകളിൽ നാം തൃപ്തിപ്പെടുത്തേണ്ടത് ദൈവത്തെ മാത്രമാണ്.

ഏതവസരത്തിലും നാം വിവേകം നിർബന്ധമായും പ്രദർശിപ്പിക്കണം. ഭവനസന്ദർശനം നടത്തുമ്പോൾ, ഒരു വീട്ടിൽ ഒരു യുവതി മാത്രം ഉള്ള സന്ദർഭത്തിൽ, എനിക്കുവേണ്ടി പ്രാർത്ഥിക്കണം എന്നെങ്ങാനും ആ യുവതി പറഞ്ഞാൽ അവളുടെ തലയിലും ചുമലിലും കൈവച്ച് അവളെ ചേർത്തുപിടിച്ച് പ്രാർത്ഥിക്കരുത്. പരിശുദ്ധാത്മാവ് എന്നെ നിർബന്ധിച്ചു എന്നു കള്ളവും പറഞ്ഞ് കിട്ടിയ അവസരം മുതലാക്കാൻ ശ്രമിക്കരുത്. സുവിശേഷകനെ നിർബന്ധിച്ച അതേ 'ആത്മാവ്' ആ യുവതിയുടെ അപ്പനെയോ ആങ്ങളയെയോ ഭർത്താവിനെയോ 'നിർബന്ധിച്ചാൽ' പല്ലുഡോക്ടറെയും എല്ലുഡോക്ടറെയും മാറിമാറിക്കാണാനേ സുവിശേഷകന് നേരമുണ്ടാവുകയുള്ളൂ.

ഞാൻ ഇങ്ങനെ എഴുതിയത് അല്പം കൂടിപ്പോയ ഭാവനയാണെന്ന് വായനക്കാർക്ക് തോന്നരുതേ. ഇതൊക്കെ സംഭവിച്ചിട്ടുള്ള കാര്യങ്ങളാണ്. അത്യധികം വിവേകത്തോടെ പെരുമാറാൻ ദൈവം നമ്മെ ഏവരെയും സഹായിക്കട്ടെ.

**എംവിഎസ്**

# പ്രതികരണങ്ങൾ

**നിങ്ങളുടെ അഭിപ്രായങ്ങൾ sms ആയോ, email ആയോ WhatsApp ലൂടെയോ അറിയിക്കുക. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം. പേരും അഡ്രസ്സും എഴുതാൻ മറക്കരുത്.**

**ഫോൺ: 95 44 557 557**

## T S John, Mampad, Malappuram

ഇംഗ്ലീഷിൽ പിഎച്ച്ഡി നേടിയ താങ്കൾക്ക് എന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ. താങ്കളുടെ അർപ്പണബോധം, സ്ഥിരോത്സാഹം, പഠനത്തോടുള്ള അഭിനിവേശം എന്നിവ ശരിക്കും പ്രചോദനകരമാണ്. പല ബിരുദാനന്തരബിരുദങ്ങൾ നേടിയ ശേഷവും ഈ പ്രായത്തിൽ പഠനം തുടരുന്ന താങ്കളെ എങ്ങനെ അഭിനന്ദിക്കണം എന്നറിയില്ല. താങ്കളുടെ താഴ്മയായ ജീവിതരീതി അതിലും കൂടുതൽ അഭിനന്ദനങ്ങൾ അർഹിക്കുന്നു. താങ്കളുടെ ശ്രദ്ധേയമായ അക്കാദമിക് യാത്ര എല്ലാ പ്രായത്തിലുമുള്ള പഠിതാക്കൾക്ക് പ്രചോദനത്തിന്റെ വെളിച്ചമാണ് നൽകുന്നത്. താങ്കൾക്കും കുടുംബത്തിനും തുടർച്ചയായ വിജയവും നല്ല ആരോഗ്യവും എല്ലായ്പോഴും സന്തോഷവും നേരുന്നു.

## K D Thomas, Pune, Maharashtra

ജൂലൈ ലക്കത്തിലെ *റിയൽ ലൈഫ് വോയ്സ്* ലഭിച്ചു. എഡിറ്റോറിയലും ആനുകാലികവും ആത്മീയചിന്തകളാൽ സമ്പന്നമാണ്. നല്ല മാർഗ്ഗനിർദ്ദേശങ്ങളാണ് അവ. ദൈവം നിങ്ങളുടെ ശുശ്രൂഷകളെ അനുഗ്രഹിക്കട്ടെ. ഡോക്ടറേറ്റ് നേടിയതിന് അഭിനന്ദനങ്ങൾ. പൂനെയിലേക്ക് സ്വാഗതം.

## Kurian Mathew, Kakkanad, Kochi

Youth and Mental Health നല്ലൊരു സന്ദേശമാണ്. ഈ സന്ദേശം യുവാക്കൾക്ക് മാത്രമല്ല, ഏതു പ്രായത്തിലുള്ളവർക്കും പ്രയോജനകരമാണ്. ഈ ലേഖനം കൂടുതൽ ആളുകളുടെ പ്രയോജനത്തിനായി മാസികയിൽ ഉൾപ്പെടുത്തണം. താങ്കളെ ദൈവം ശക്തിയായി എടുത്തുപയോഗിക്കുന്നതിനാൽ ദൈവത്തെ സ്തുതിക്കുന്നു. പിഎച്ച്ഡി കിട്ടിയതിൽ അഭിനന്ദനങ്ങൾ.

## M P Johnson, Thenhipalam, Malappuram

താങ്കൾക്ക് ഡോക്ടറേറ്റ് ലഭിച്ചതിന് ആദ്യമായി അഭിനന്ദനം അറിയിക്കുന്നു. മാസിക തുടർമാനമായി ലഭിച്ചുകൊണ്ടിരിക്കുന്നു. ലേഖനങ്ങളും മറ്റു

മറ്റു പംക്തികളും അതിമനോഹരവും അനുഗ്രഹവുമായി തുടരുന്നതിൽ സന്തോഷിക്കുന്നു. മാസിക ലഭിച്ചാലുടൻ ഒറ്റയിരുപ്പിൽ വായിച്ചുതീർക്കുന്ന രീതിയാണ് എനിക്കുള്ളത്. സുവേശേഷകൻ കെ.വി.ഐസക്കുമായുള്ള അഭിമുഖം വളരെ ഹൃദ്യമായി. കാരണം ഞാൻ കഴിഞ്ഞ രണ്ടുമൂന്നു ആഴ്ചകളായി പനിയും മറ്റു അനുബന്ധരോഗങ്ങളാലും ശയ്യാവലംബി ആയിരുന്നു. ആ ദിവസങ്ങളിൽ ക്രിസ്തീയഗാനങ്ങളും ബൈബിൾക്ലാസ്സുകളും പ്രസംഗങ്ങളും കൂടുതൽ സമയം ശ്രവിക്കുന്നതിന് അവസരം ലഭിച്ചു.

ആ സന്ദർഭങ്ങളിൽ എനിക്ക് ഒത്തിരി ആശ്വാസവും സന്തോഷവും നൽകിയ ഗാനമായിരുന്നു 'യേശുവേ നീ കൂടവേ' എന്നു തുടങ്ങുന്ന ഗാനം. അതിന്റെ പശ്ചാത്തലം ഞാൻ തിരയുകയായിരുന്നു. അപ്പോഴാണ് ഈ മാസികയിൽക്കൂടി അത് ലഭിച്ചത്. എനിക്ക് വലിയ സന്തോഷമായി. പാട്ടെഴുതിയ സാഹചര്യം കൂടി മനസ്സിലാക്കി പാട്ടുകൾ പാടുമ്പോൾ ഒരു പ്രത്യേക അനുഭൂതി ലഭിക്കുന്നുവെന്ന് മാത്രമല്ല ആ ഗാനത്തിലെ വരികൾ അനുഭവവേദ്യമായി മാറുകയും ചെയ്യുന്നു. പാട്ടിനോട് കമ്പമുള്ള ഒരു വ്യക്തി എന്ന നിലയ്ക്ക് ഈ അഭിമുഖം എനിക്ക് വലിയ സന്തോഷം നൽകി. ഇനിയും ഇപ്രകാരമുള്ള അഭിമുഖങ്ങൾ പ്രസിദ്ധീകരിച്ചുകാണുവാൻ താത്പര്യപ്പെടുന്നു. സാധ്യമാക്കിയാലും.


## ഹിമാലയം മുതൽ ഹെർമ്മോൻ വരെ

**ജോൺസൺ കുളങ്ങര എഴുതിയ 196 പേജുള്ള പുസ്തകം**

നാലു യാത്രകളിലെ അനുഭവങ്ങളുടെ വിവരണം (വില: 250 രൂപ)

ബ്രദർ ജോർജ്ജ് കോശിയുടെ അവതാരിക

കോപ്പികൾ: Johnson Kulangara, Thuravoor P O, Angamaly, Ernakulam - 683 572 **Mob: 98461 93298**

## വിവാഹാലോചനകൾ ക്ഷണിക്കുന്നു

**ലോക്കൽ ചർച്ചിൽ കൂടിവരുന്ന 27 വയസ്സുള്ള യുവതിക്ക് അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.** (Wearing ornaments)

Date of Birth: 10-05-1996 Height: 160.5 cm Weight: 60 Kg

Education: BTech Civil Engineering

Current Job: Civil Engineer at Asset Homes Pvt. Ltd. Kochi

**Contact No. 9961 006 721**

# ആസ്യയിലെ ഏഴ് സഭകൾ

**വെളിപ്പാട് 2,3 അദ്ധ്യായങ്ങളിൽ നിന്നുള്ള ചിന്തകൾ**

18

**ഡോ. എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**

*"...ആസ്യയിലെ ഏഴു സഭകൾക്കും എഴുതുന്നത്..." (വെളിപ്പാട് 1:4).*

*"...എഫെസൊസ്, സ്മുർന്ന, പെർഗ്ഗമൊസ്, തുയഥൈര, സർദ്ദിസ്, ഫില ദെൽഫ്യ, ലവൊദിക്യ എന്ന ഏഴു സഭകൾക്കും അയയ്ക്കുക" (വെളി.1:11)*

## തുയഥൈരയിലെ സഭയ്ക്കുള്ള സന്ദേശം (വെളി. 2:18-29)

*തുയഥൈരയിലെ സഭയുടെ ദൂതന് എഴുതുക: അഗ്നിജ്വാലയ്ക്ക് ഒത്ത കണ്ണും വെള്ളോട്ടിനു സദൃശമായ കാലും ഉള്ള ദൈവപുത്രൻ അരുളിച്ചെയ്യുന്നത് (2:18)*

### നാലാമത്തെ സഭ

ആസ്യയിലെ ഏഴ് സഭകളിൽ നാലാമത്തേതാണ് തുയഥൈരയിലെ സഭ. ഏഴ് സഭകളുടെ പേരുകളുടെ ക്രമത്തിൽ നടുവിൽ വരുന്ന സഭയാണിത്. സഭകളെല്ലാം സ്ഥലപ്പേരോടുകൂടി അറിയപ്പെട്ടിരുന്ന ആ പഴയ കാലത്തേക്ക് നമുക്ക് തിരിച്ചുപോകാൻ സാധിക്കുമോ? സ്ഥലപ്പേരോടുകൂടി അറിയപ്പെടുന്ന സഭാകൂടിവരവുകൾ ചിലയിടങ്ങളിലൊക്കെ ഉണ്ട് എന്ന കാര്യം അഭിനന്ദനാർഹമാണ്. എന്നാൽ നാട്ടിലെ നിയമങ്ങളിലെ കുരുക്കുകളും, അവനവൻ ഉൾപ്പെട്ടുനിൽക്കുന്ന സഭയുടെ വ്യക്തിത്വം (identity) പ്രദർശിപ്പിക്കേണ്ട ആവശ്യകതയും, ഉപദേശങ്ങളിലെ പൊരുത്തമില്ലായ്മയും നിമിത്തം പലരും 'സ്ഥലംസഭകൾ' എന്നറിയപ്പെടുന്നതിനു പകരം പല പേരുകൾ ചേർത്ത് അറിയപ്പെടാൻ നിർബന്ധിതരാകുന്നു.

ഇക്കാര്യത്തിൽ ബൈബിളിലേക്കൊരു തിരിച്ചുപോക്ക് എത്രമാത്രം പ്രായോഗികമാണ് എന്നറിഞ്ഞുകൂടാ. നാട്ടിലെ നിയമങ്ങൾ ലളിതമായിരിക്കുകയും, ദൈവജനത്തിന്റെ മദ്ധ്യേയുള്ള ഉപദേശപരമായ വ്യത്യാസങ്ങൾ ഇല്ലാതാവുകയും ചെയ്താൽ മാത്രമേ ഇത് പ്രായോഗികമായി വിജയിക്കൂ എന്നാണ് തോന്നുന്നത്. ഇന്ന് ഇന്ത്യയിൽ രജിസ്റ്റർ ചെയ്തതായി അവകാശപ്പെടുന്ന സഭകളെല്ലാം, സഭകൾ എന്ന വിഭാഗത്തിലല്ല, ട്രസ്റ്റ് അല്ലെങ്കിൽ സൊസൈറ്റി എന്ന വിഭാഗത്തിലാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത് എന്നത് ദൈവജനത്തിന്റെ ഗതികേട് (നിസ്സഹായാവസ്ഥ) വെളിപ്പെടുത്തുന്നു.

**തുയത്തൈരയിലെ സഭ**

തുയത്തൈര എന്ന സ്ഥലത്ത് ദൈവസഭ എങ്ങനെ രൂപംകൊണ്ടു എന്നതിനെപ്പറ്റിയുള്ള അന്വേഷണം ചെന്നെത്തുന്നത് ലുദിയ എന്ന ബിസിനസ്സുകാരിയിലേക്കാണ് (അപ്പൊ.പ്രവൃ. 16:13–15). പുഴവക്കത്ത് കണ്ട സ്ത്രീകളോട് അപ്പൊസ്തലനായ പൗലൊസ് സുവിശേഷം പറഞ്ഞപ്പോൾ, ലുദിയ ആണ് അനുകൂലമായി പ്രതികരിച്ചത്. മാത്രമല്ല അവരെ വീട്ടിലേക്ക് ക്ഷണിച്ച് പ്രാർത്ഥിപ്പിക്കുകയും ചെയ്തു. തുയത്തൈരപട്ടണത്തിൽ ദൈവസഭയുടെ ആവിർഭാവം ഈ രീതിയിലായിരുന്നു എന്നു ചിന്തിക്കുന്നതിൽ തെറ്റില്ല. ദൈവമക്കളുടെ മുമ്പിൽ സ്വന്തം വീടിന്റെ വാതിൽ ലുദിയ തുറന്നുകൊടുത്തപ്പോൾ, വാസ്തവത്തിൽ സംഭവിച്ചത് തുയത്തൈരപട്ടണത്തിലേക്ക് പൗലൊസിന് സുവിശേഷത്തിന്റെ വാതിൽ തുറന്നുകിട്ടുകയായിരുന്നു.

ഒരു വ്യക്തി എടുക്കുന്ന നല്ല തീരുമാനം എത്രയോ അനുകൂലഫലങ്ങൾ ഉണ്ടാക്കുന്നു എന്നതിന്റെ തെളിവുകൂടിയാണിത്. ഭയമില്ലാതെ ലുദിയ മുന്നോട്ടൊരു ചുവട് വച്ചപ്പോൾ അത് പിന്തുടരാൻ ധാരാളം ആളുകൾ ഉണ്ടായി. അവിടെയൊരു സഭയുണ്ടായി. സത്യം മനസ്സിലാക്കിയിട്ടും ഭീരുത്വം കാണിച്ച് അനുസരിക്കാതെ നടക്കുന്നവരുണ്ട്. അതുപോലെയായിരുന്നില്ല ലുദിയ. അറിഞ്ഞ സത്യം അനുസരിക്കാനും ദൈവമക്കളെ വീട്ടിലേക്ക് ക്ഷണിച്ചുകൊണ്ട് താൻ ക്രിസ്ത്യാനിയാണെന്ന കാര്യം പരസ്യമാക്കാനും ആഗ്രഹിച്ച മാതൃകാസ്ത്രീയാണ് അവർ.

**അഗ്നിജ്വാലയ്ക്ക് ഒത്ത കണ്ണുള്ളവൻ**

കർത്താവിന്റെ കണ്ണുകൾ അഗ്നിജ്വാല പോലെയാണെന്നാണ് ഇവിടെ പറയുന്നത്. ആ കണ്ണുകളുടെ ശരിയായ തിളക്കം വരച്ചുകാട്ടാൻ അഗ്നിജ്വാലയോട് അതിനെ ഉപമിച്ചിരിക്കുന്നു. ആ കണ്ണുകളുടെ ശരിയായ അവസ്ഥ മനുഷ്യന് മനസ്സിലാകുന്ന ഭാഷയിൽ പറഞ്ഞുവെന്നു മാത്രം. വാസ്തവത്തിൽ ആ കണ്ണുകളുടെ ശരിയായ അവസ്ഥ പറഞ്ഞു പ്രതിഫലിപ്പിക്കാൻ ഭാഷയിൽ വാക്കുകളില്ല. അതുകൊണ്ട് മനുഷ്യന് എളുപ്പം മനസ്സിലാകുന്ന രീതിയിൽ പറഞ്ഞുവെന്നേയുള്ളൂ.

തീജ്വാല പോലുള്ള ഈ കണ്ണുകൾ മൂടിക്കെട്ടി കർത്താവിനെ തല്ലിയ പട്ടാളക്കാരെ നാം എന്തു വിളിക്കേണ്ടൂ? ലാസറിന്റെ കല്ലറയ്ക്കൽ ആ കണ്ണുകളിൽ നിന്ന് കണ്ണുനീർ ഒഴുകി! ആ കണ്ണുകളിലേക്ക് നോക്കി, നിനക്ക് ഭൂതമുണ്ട് എന്ന് പറഞ്ഞ പുരുഷാരത്തിൽ (യോഹന്നാൻ 7:20) ചിലരെങ്കിലും അങ്ങനെ പറഞ്ഞതിൽ പിന്നീട് ദു:ഖിച്ചുകാണും. തീക്കനൽപോലുള്ള ആ കണ്ണുകളിൽനിന്ന് മറഞ്ഞിരിക്കാൻ ആർക്കും സാധ്യമല്ല. ഒരു തെറ്റും ഒളിപ്പിച്ചുവയ്ക്കാനും കഴിയില്ല.

**വെള്ളോട്ടിനു സദൃശമായ കാലുള്ളവൻ**

"his feet are like fine brass" എന്നാണ് ഇംഗ്ലീഷ് പരിഭാഷ. ചെമ്പ് ചേർന്നിട്ടുള്ള ലോഹസങ്കരമാണ് ഓട്. കർത്താവിന്റെ കാലുകളുടെ ഗംഭീരമായ തിളക്കം കാണിക്കാൻ അവയെ ഓടിനോട് ഉപമിച്ചിരിക്കുന്നു. ആ കാലുകളിലാണ് മനുഷ്യൻ ആണി അടിച്ചുകയറ്റിയത്. ശിഷ്യന്മാരെ കഷ്ടത്തിലാക്കിയ തിരകളെ ചവുട്ടിയൊതുക്കിയത് ആ കാലുകളാണ്. ശുദ്ധരായ പത്ത് കുഷ്ഠരോഗികളിൽ ഒരാൾ നന്ദി പറഞ്ഞുകൊണ്ട് വീണത് ആ കാൽക്കൽ ആണ് (ലൂക്കൊസ് 17:16). ആരൊക്കെ ആ കാൽക്കൽ വീണുവോ അവരെല്ലാം അനുഗ്രഹിക്കപ്പെട്ടു. വല്ലവന്റെയും കാൽക്കൽ വീഴാതെ വീഴേണ്ടവന്റെ കാൽക്കൽ ആളുകൾ വീഴട്ടെ. അനുഗ്രഹത്തിന്റെ കലവറകൾ തുറക്കുവാൻ അതിടയാക്കും.

"കാൽ ഉലയിൽ ചുട്ടുപഴുപ്പിച്ച വെള്ളോട്ടിനു സദൃശം" എന്നാണ് വെളിപ്പാട് 1:15 ൽ രേഖപ്പെടുത്തിയിരിക്കുന്നത്. തന്റെ സർവമഹത്വവും വെടിഞ്ഞ് ഈ ഭൂമിയിൽ മനുഷ്യരുടെ ഇടയിൽ പാർത്ത കർത്താവിന് സ്തോത്രം! ചുട്ടുപഴുപ്പിച്ച വെള്ളോട്ടിനു സദൃശമായ കാലുകളും കൊണ്ടല്ല അവിടുന്ന് ഈ ഭൂമിയിൽ ജീവിച്ചത്. അങ്ങനെയായിരുന്നുവെങ്കിൽ കുരിശിലെ മരണം നടക്കില്ലായിരുന്നു. നമുക്ക് രക്ഷ കൈവരിക്കാൻ കഴിയാതെ പോകുമായിരുന്നു.

**ദൈവപുത്രൻ**

ആസ്യയിലെ ഏഴ് സഭകളിൽ ഇവിടെ മാത്രമാണ് ദൈവപുത്രൻ എന്ന് കർത്താവ് പരിചയപ്പെടുത്തിയിരിക്കുന്നത്. തന്റെ ഐഹികജീവിതകാലത്ത് കർത്താവ് സ്വയം വിശേഷിപ്പിക്കാൻ കൂടുതലും ഉപയോഗിച്ച പദം 'മനുഷ്യപുത്രൻ' എന്നാണ്. യോഹന്നാൻ 5:25 ൽ 'ദൈവപുത്രൻ' എന്ന പദം സ്വയം വിശേഷിപ്പിക്കാനായി കർത്താവ് ഉപയോഗിച്ചിട്ടുണ്ട്. തുയഥൈരസഭയ്ക്കുള്ള എഴുത്തിൽ കർത്താവ് സ്വയം ദൈവപുത്രൻ എന്നു തന്നെ പറഞ്ഞ് പരിചയപ്പെടുത്തുന്നു. അങ്ങനെ കർത്താവിന് മനുഷ്യപുത്രൻ, ദൈവപുത്രൻ എന്നീ രണ്ട് വിശേഷണങ്ങളും ഇണങ്ങുന്നു.


മനുഷ്യപുത്രൻ എന്നു പറഞ്ഞാൽ മനുഷ്യൻ എന്ന് അർത്ഥം വരുന്നതുപോലെ ദൈവപുത്രൻ എന്നു പറഞ്ഞാൽ ദൈവം എന്നർത്ഥം വരുമെന്ന കാര്യം ഓർമ്മിക്കുക. അവിടുന്ന് ദൈവപുത്രനാണ്. അഥവാ ദൈവമാണ്. ഓരോ സ്ഥലംസഭയും ഈ ദൈവപുത്രന്റേതാണ്. പക്ഷേ ഇന്ന് സ്ഥലംസഭകളെല്ലാം ചില വ്യക്തികൾ കയ്യടക്കിവച്ചിരിക്കുന്നു. കർത്താവിന് സ്ഥാനമില്ലാത്ത അവസ്ഥ! ഓരോ പ്രാദേശികസഭയിലും ദൈവപുത്രൻ അരുളിച്ചെയ്യുന്ന സ്ഥിതി ഉണ്ടാകട്ടെ. **(തുടരും)**

സുവിശേഷകനായ

# കെ. വി. ഐസക്, പീച്ചി (17)

**അഭിമുഖം**

*ഈ ഗേഹം വിട്ടുപോകിലും, എന്റെ ദൈവം മതിയായവൻ, എന്നേശു നാഥന്റെ വരവെന്നോ, യേശുവേ നീ കൂടവേ..* എന്നിങ്ങനെ 60-ലധികം ക്രിസ്തീയഗാനങ്ങളുടെ ശില്പി. ബ്രദറൺ സുവിശേഷകൻ. വേദാദ്ധ്യാപകൻ.



## 23. 'വാഴ്ത്തും ഞാനെൻ ജീവകാലമെല്ലാം'

എന്റെ പാട്ടുകളുടെ പിന്നാമ്പുറങ്ങളെക്കുറിച്ച് പറഞ്ഞാൽ, പാട്ടുകളെഴുതാൻ വേണ്ടി ഇരുന്ന് എഴുതിയ പാട്ടുകളല്ല എന്റേത്. എന്റെ ജീവിതാനുഭവവെളിച്ചത്തിൽനിന്ന് ഉരുത്തിരിഞ്ഞുവന്ന പാട്ടുകളും ട്യൂണുകളും ഒക്കെയാണവ.

*ആത്മീയഗീതങ്ങൾ* എന്ന പുസ്തകത്തിലെ 179-ാമത്തെ പാട്ടിന്റെ തുടക്കം *വാഴ്ത്തും ഞാനെൻ ജീവകാലമെല്ലാം എന്റെ ജീവനെ വീണ്ടെടുത്ത നാഥനെ* എന്നാണ്. ഈ പാട്ടിൽ, *ചൂടെഴുന്ന ശോധനവേളയിൽ* എന്നു ഞാൻ കുറിച്ചിട്ടതുപോലെയായിരുന്നു എന്റെ അനുഭവം. 1973 ൽ എനിക്ക് രണ്ട് കുഞ്ഞുങ്ങളാണ് ഉണ്ടായിരുന്നത്. മൂത്തയാൾക്ക് മൂന്നും ഇളയ കുഞ്ഞിന് ആറുമാസവും പ്രായം. ആ കാലത്ത് ഞങ്ങൾക്ക് വസൂരി പിടിപെട്ടു. കഠിനവേനലുള്ള ഒരു മാർച്ച്മാസത്തിൽ ഞാൻ തമിഴ്നാട്ടിലൂടെ ഒരു യാത്ര കഴിഞ്ഞ് മടങ്ങിവരുമ്പോൾ എനിക്കാണ് ആദ്യം അസുഖം വന്നത്.

എന്റെ പിതാവും ഞാനും എന്റെ ഭാര്യയും രണ്ട് കുഞ്ഞുങ്ങളും- അങ്ങനെ ഞങ്ങൾ അഞ്ചുപേർക്കും അസുഖം പിടിപെട്ടു. ഓരോരുത്തരും ആറ് മാസം കഷ്ടത അനുഭവിച്ചു. ഒന്നര മാസം കഴിയുമ്പോൾ വീണ്ടും വീണ്ടും കുമിളകൾ ഉണ്ടാവുകയും, അതെല്ലാം ഉണങ്ങിക്കിട്ടാൻ ആറുമാസം വേണ്ടിവരികയും ചെയ്തു. ഞങ്ങൾ വലിയ കഷ്ടതയിലായി. ആ കാലത്ത് ഞാൻ പുതിയ സ്ഥലം വാങ്ങുവാനായി ലോണെടുത്ത പൈസ വീട്ടിലുണ്ടായിരുന്നു. സ്ഥലത്തിന് അഡ്വാൻസ് കൊടുത്തിരുന്നു. ഈ രോഗബാധ നിമിത്തം ആ പണത്തിൽ യാതൊന്നും ബാക്കിവയ്ക്കാനുണ്ടായില്ല. എന്റെ വീട് വൈക്കോലുകൊണ്ട് മേഞ്ഞതായിരുന്നു. ആ വർഷം വീട് മേയാനും കഴിഞ്ഞില്ല.

ഭയങ്കരമായ അവസ്ഥയിലൂടെ ഞങ്ങൾ കടന്നുപോയി. മരണാസന്ന രായി എന്നുതന്നെ പറയാം. ഞങ്ങളുടെ സഹോദരന്മാരിൽ ഒരാൾ മാത്രം വല്ലപ്പോഴും വീട്ടിൽ വരും. ബാക്കിയാർക്കും വീട്ടിൽ വരാനുള്ള ധൈര്യം ഉണ്ടായിരുന്നില്ല. അക്കാലത്ത് രാത്രികാലങ്ങളിൽ പല പാട്ടുകളും പാടാറു ണ്ട്. അങ്ങനെ പാടിയ പാട്ടാണ് *വാഴ്ത്തും ഞാനെൻ ജീവകാലമെല്ലാം* എന്നത്. 34-ാം സങ്കീർത്തനം വായിച്ചിട്ടാണ് ഞാൻ ആ വരികൾ പാടിയത്. എന്റെ ജീവിതത്തിൽ ഞാൻ ആ നാളുകളിൽ തീയിൽക്കൂടെ കടന്നുപോ കുന്ന അവസ്ഥയിലായിരുന്നുവല്ലോ. ഞങ്ങളാരും ശേഷിക്കുമെന്ന് ഞങ്ങൾ വിചാരിച്ചില്ല.

ഇന്നത്തെപ്പോലെ സഹായിക്കാനൊന്നും അധികമാരും ഇല്ലാത്ത കാല മായിരുന്നു അത്. സാഹചര്യങ്ങൾ വ്യത്യസ്തമായിരുന്നു. ലോണെടുത്ത പൈസ കയ്യിലുണ്ടായിരുന്നതുകൊണ്ട് ആ പൈസ തീരുന്നതുവരെ ഹോമി യോമരുന്ന് വാങ്ങാനും മറ്റും അതുപയോഗിച്ചു. അന്നത്തെ അനുഭവങ്ങളുടെ അടിസ്ഥാനത്തിലാണ് ആ പാട്ട് എഴുതിയത്. ആത്മീയഗീതങ്ങളിൽ ആ ഗാനം 'സ്തോത്രഗീതങ്ങൾ'എന്ന വിഭാഗത്തിലാണ് കൊടുത്തിരിക്കുന്നതെ ങ്കിലും, ക്രിസ്തീയജീവിതത്തിന്റെ അനുഭവമാണ് അതിലുള്ളത്.

കർത്താവിനെ തിരിച്ചറിഞ്ഞ നാൾ മുതൽ ഞാൻ ഭക്തിയുടെ വഴിയിൽ നടക്കുമ്പോഴൊക്കെയും എനിക്ക് കഷ്ടതയുണ്ടായിരുന്നു. എനിക്ക് പൊട്ടി ച്ചിരിക്കാനോ വല്ലാതെ ആർത്തുഘോഷിക്കാനോ ഉള്ള അവസരം അക്കാ ലത്ത് ദൈവം നൽകിയിട്ടില്ല. സമൃദ്ധിയുള്ള കാലത്തും ഞാനങ്ങനെ ചെയ്തി ട്ടില്ല. അത് ശരിയോ തെറ്റോ എന്നുള്ളതല്ല. ദൈവം എന്നെ അതിന് അനുവ ദിച്ചില്ല എന്നതാണ് കാരണം. എന്റെ ജീവിതരീതി ക്രമപ്പെടുത്താൻ ദൈവം എന്നെ സഹായിച്ചു.

1981-ലാണ് ഞാൻ പൂർണ്ണസമയസുവിശേഷപ്രവർത്തനത്തിനായി വേർതിരിയുന്നത്. ചൂടെഴുന്ന ശോധനവേളകൾ ജീവിതത്തിൽ എപ്പോഴും ഉണ്ടായിരുന്നു. കർത്താവിന്റെ വരവ് വരെ അതുണ്ടാകും. "...നാം അനേക കഷ്ടങ്ങളിലൂടെ ദൈവരാജ്യത്തിൽ കടക്കേണ്ടതാകുന്നു..." (അപ്പൊ.പ്ര വൃ.14:22). ഈ വാക്യം വായിച്ച് ഞാൻ ആശ്വാസം കണ്ടെത്താറുണ്ട്. രോഗി യായി അത്യാസന്നനിലയിൽ കിടക്കുന്ന ഒരു സഹോദരിയെ ഞാൻ ഇന്ന ലെ (14-07-2025)സന്ദർശിച്ചപ്പോഴും ആശ്വസിപ്പിച്ചുകൊണ്ട് പറഞ്ഞത് ഈ വാക്യമാണ്.

അപ്പൊസ്തലനായ പൗലൊസ് കല്ലേറുകൊണ്ട് മരിച്ചവനായി, വലിച്ചി ഴച്ച്, തള്ളപ്പെട്ടശേഷം ജീവിതത്തിലേക്ക് മടങ്ങിവന്ന് ദൈവജനത്തോട് പറഞ്ഞു: "നാം അനേക കഷ്ടങ്ങളിലൂടെ ദൈവരാജ്യത്തിൽ കടക്കേണ്ട താകുന്നു" ദൈവജനം ശാരീരികമായും മാനസികമായും ആത്മികമായും

മായും ഉള്ള പീഡനങ്ങൾ എക്കാലത്തും അനുഭവിക്കേണ്ടിവരാറുണ്ട്. കാരണം നമ്മുടെ ശുദ്ധീകരണം ദൈവം ആഗ്രഹിക്കുന്നു. "ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നെ" (1 തെസ്സലോനിക്യർ 4:3). ശാരീരികമായും മാനസികമായും ആത്മികമായും ഉള്ള ഞെരുക്കങ്ങളിലൂടെ നാം കഴുകപ്പെടേണ്ടതാണ്. പ്രായോഗികക്രിസ്തീയജീവിതത്തിൽ അങ്ങനെയേ പറ്റൂ. എന്റെ അനുഭവം അതാണ്.

വ്യത്യസ്ത ശുശ്രൂഷകളാണ് ദൈവം തന്റെ ജനത്തിന് കൊടുത്തിട്ടുള്ളത്. ദൈവമക്കളുടെ മധ്യേ ധനവാനും ദരിദ്രനും ഉണ്ട്. ഈ അവസ്ഥകൾ ദൈവം അനുവദിച്ചിട്ടുള്ളതാണ്. രണ്ട് കൂട്ടർക്കും ദൈവത്തെ പ്രസാദിപ്പിച്ചുകൊണ്ട് ജീവിക്കാനാകും. സാമ്പത്തിക കാര്യങ്ങളിൽ ഞാനൊരിക്കലും ആകുലപ്പെട്ടിരുന്നില്ല. ഞെരുക്കങ്ങളിലൂടെ കടന്നുപോകുമ്പോൾ ഞാൻ ഓർക്കുന്ന കാര്യം ഇതാണ്: ദൈവം നടത്തുന്ന വഴികൾ ഇതാണ്. ആരുടെയും സമൃദ്ധി പൂർണ്ണമല്ല. ആരുടെയെങ്കിലും ജീവിതശൈലിയിലെ കുറവുകൾ അവരുടെ പാപവുമല്ല. നാം ചെയ്യുന്ന ശുശ്രൂഷകളാണ് ദൈവം നോക്കുന്നത്. സമൃദ്ധിയുണ്ടോ ഇല്ലയോ എന്നതല്ല, അനുസരണമുണ്ടോ എന്നാണ് ദൈവം നോക്കുന്നത്. അവനെയാണ് ദൈവം മാനിക്കുന്നത്.

എന്റെ ജീവിതത്തിലും ധാരാളം പ്രതിസന്ധികളും ഞെരുക്കങ്ങളിലൂടെയും കടന്നുപോയി. അങ്ങനെയുള്ള സാഹചര്യത്തിൽ എഴുതിയ ഒരു പാട്ടിന്റെ കാര്യമാണ് ഇപ്പോൾ പറഞ്ഞത്. കർത്താവിന്റെ വരവുവരെ നാം ഈ ഭൂമിയിലായിരിക്കുമ്പോൾ, നമ്മുടെ ജീവിതത്തിൽ ഞെരുക്കങ്ങളുണ്ടാകും. കർത്താവ് പറഞ്ഞത് ഇപ്രകാരമാണല്ലോ: "ഒരുവൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശെടുത്ത് എന്നെ അനുഗമിക്കട്ടെ" (മത്തായി 16:24). അതിനു തടസ്സമായി യാതൊന്നും വരരുത്. അപ്പനായാലും അമ്മയായാലും ഭാര്യയായാലും കർത്താവിനെ അനുസരിക്കുന്നതിന് തടസ്സമായി വരരുത്.

ഞാൻ എന്റെ ജീവിതത്തിൽ കർത്താവിനേക്കാളധികം മറ്റൊന്നിനും വിലകൊടുത്തിട്ടില്ല. എന്റെ യാതൊരു സൗകര്യങ്ങൾക്കോ സ്വാതന്ത്ര്യങ്ങൾക്കോ ജീവിതവഴികൾക്കോ അങ്ങനെയൊരു അവസരം ഞാൻ കൊടുത്തിട്ടില്ല. മനുഷ്യർക്കും കൊടുത്തിട്ടില്ല. കർത്താവിനേക്കാളുമധികം മഹത്വമുള്ളവരായി ആരെയും ഞാൻ കണ്ടിട്ടില്ല. കാണാനും സാധിക്കില്ല. ഏതു സാഹചര്യത്തിലും കർത്താവിനെ മുൻനിറുത്തിപോകണം എന്ന നിർബന്ധബുദ്ധി ദൈവാത്മാവ് എനിക്ക് തന്നതിനാൽ ചിലപ്പോഴൊക്കെ ചിലരോട് മുഷിയേണ്ടതായി വന്നിട്ടുണ്ട്. ചിലരുമായി ചേർച്ചക്കുറവ് ഉണ്ടായിട്ടുണ്ട്. എങ്കിലും ദൈവം എന്നെയും സഭയെയും മുന്നോട്ടു നയിക്കുന്നു.

**(തുടരും)**

# യോനാ
## (പുസ്തകപഠനം)

15

**-എംവിഎസ്-**

**യോനാ - ഒന്നാം അദ്ധ്യായം**

**യോനാ 1:8**

**"ചീട്ട് യോനായ്ക്ക് വീണു. അവർ അവനോട്: ആരുടെ നിമിത്തം ഈ അനർഥം നമ്മുടെമേൽ വന്നു എന്ന് നീ പറഞ്ഞുതരേണം. നിന്റെ തൊഴിൽ എന്ത്? നീ എവിടെനിന്നു വരുന്നു? നിന്റെ നാട് ഏത്? നീ ഏത് ജാതിക്കാരൻ? എന്നു ചോദിച്ചു"**

**ചീട്ട് യോനായ്ക്ക് വീണു**

തന്റെ വ്യക്തിത്വവും ശുശ്രൂഷയും മറച്ചുവച്ചവനെ ദൈവം മറ പൊളിച്ച് പുറത്തേക്കുകൊണ്ടുവരുന്ന കാഴ്ചയാണ് നാം കാണുന്നത്. കപ്പലിലുള്ള ജാതികളായ ആളുകൾ ചീട്ടിടുവാൻ തുടങ്ങുമ്പോൾ, ഞാനാണ് ഉത്തരവാദി എന്നു പറഞ്ഞ് യോനാ മുന്നോട്ടുവന്നില്ല. താൻ പിടിക്കപ്പെടില്ല എന്ന ആത്മ വിശ്വാസത്തോടെ പ്രവാചകൻ നിന്നു. ജാതികളായ ആളുകൾ ചീട്ടിട്ട് നോക്കുന്ന പ്രക്രിയയിൽ ദൈവം ഇടപെടില്ല എന്ന് യോനാ കരുതിക്കാ ക്കാണും. യോനായുടെ കണക്കുകൂട്ടലുകൾ തെറ്റിച്ചുകൊണ്ട് ദൈവം ഇട പെട്ടു! ചീട്ട് കൃത്യമായി യോനായ്ക്ക് വീണു. യോനാ പിടിക്കപ്പെട്ടു.

ചീട്ട് തനിക്ക് വീണപ്പോൾ യോനായുടെ മുഖത്തെ നടുക്കവും പരി ഭ്രാന്തിയും നിങ്ങൾക്ക് ഭാവനയിൽ കാണാൻ കഴിയുന്നില്ലേ? ദൈവത്തെ മറന്നുകൊണ്ടുള്ള യാത്രയിൽ ഒരിക്കൽ നാം പിടിക്കപ്പെടും. മറ്റുള്ളവരുടെ മുമ്പിൽ നാണംകെട്ടു നിൽക്കേണ്ടി വരും. തല കുനിച്ച് നിൽക്കേണ്ടിവരും. യോനായുടെ ഉറക്കം നഷ്ടപ്പെട്ടു. അനുസരണക്കേടിന്റെ ഫലം. അവന്റെ തർശീശിലേക്കുള്ള യാത്രയ്ക്ക് വിരാമമായി.

യോനായുടെ പദ്ധതികളെല്ലാം പൊളിഞ്ഞു. ദൈവത്തെക്കൂടാതെ പടു ത്തുയർത്തുന്ന സകല സ്വപ്നങ്ങളും തകരും. ആ സ്വപ്നങ്ങൾ തകർന്നു വീഴുമ്പോൾ നമുക്ക് ഒരു പ്രയാസം തോന്നാം. പക്ഷേ ദൈവത്തെ മറന്നു കൊണ്ട് പണിയുന്ന സ്വപ്നക്കോട്ടകൾ തകരുന്നത് അനുഗ്രഹമാണെന്ന കാര്യം നാം മനസ്സിലാക്കുക. നമ്മെ തിരിച്ചുവരുത്താൻ വേണ്ടി സ്നേഹവാ നായ ദൈവത്തിന്റെ ഇടപെടലാണത്.

**അവർ അവനോട്: ആരുടെ നിമിത്തം ഈ അനർഥം നമ്മുടെമേൽ വന്നു എന്ന് നീ പറഞ്ഞുതരേണം...**

ആരുടെയും ശ്രദ്ധയിൽ പെടാതെ കഴിഞ്ഞിരുന്നവനാണ്. ഇപ്പോൾ എല്ലാവരുടെയും ശ്രദ്ധ അവനിലേക്കായി. അവന്റെ വ്യക്തിത്വവും ശുശ്രൂഷയുമെല്ലാം അനാവരണം ചെയ്യപ്പെടുവാൻ പോകയാണ്. ദൈവപൈതലാണെന്ന സത്യം മറച്ചുവച്ചുകൊണ്ട് – സ്വന്തം വ്യക്തിത്വം മറച്ചുവച്ചുകൊണ്ട് – ജീവിക്കുന്നവരേ മറനീക്കി പുറത്തുവരിക. നിങ്ങൾ വിശ്വസിച്ച് സ്നാനമേറ്റവരാണെന്ന സത്യം എല്ലാവരും അറിയട്ടെ. മറഞ്ഞിരിക്കാൻ യോനാ ആഗ്രഹിച്ചു. പക്ഷേ ദൈവം അതല്ല യോനായെക്കുറിച്ച് ആഗ്രഹിച്ചത്.

നമ്മുടെ വിശ്വാസജീവിതം മറച്ചുവച്ചുകൊണ്ട് ഭീരുക്കളായി നാം കഴിയരുത്. അത് പ്രകടിപ്പിക്കേണ്ടതാണ്. നാം ക്രിസ്ത്യാനിയാണ് എന്നു പ്രകടമാക്കാൻ ലഭിക്കുന്ന ഏതവസരവും ഉപയോഗിക്കണം. നാം സുവിശേഷം അറിയിക്കേണ്ടവരാണ്. സുവിശേഷം അറിയിക്കുക എന്ന ഉത്തരവാദിത്തം നമ്മെ മാത്രമാണ് ദൈവം ഏൽപിച്ചിട്ടുള്ളത്. അതുകൊണ്ട് നാം മറഞ്ഞിരിക്കരുത്. സാക്ഷ്യമുള്ള ജീവിതം നയിക്കണം. ലഭിക്കുന്ന അവസരങ്ങൾ നഷ്ടപ്പെടുത്തരുത്.

**യോനായോട് നാല് ചോദ്യങ്ങൾ**

സമൂഹത്തിന് നമ്മോട് ചില ചോദ്യങ്ങൾ ചോദിക്കാനുണ്ട്. യോനായോട് അവർ ചോദിച്ചത് നാല് ചോദ്യങ്ങളാണ്. സമൂഹം നമ്മോട് ചോദിക്കുന്ന ചോദ്യങ്ങളിൽനിന്ന് ഒഴിഞ്ഞുമാറരുത്. അവയ്ക്ക് നാം സത്യസന്ധമായ മറുപടി കൊടുക്കുക തന്നെ വേണം. നിങ്ങൾ മരിച്ചാൽ എവിടെ കുഴിച്ചിടും? നിങ്ങളുടെ മക്കളുടെ കല്യാണം ആര് നടത്തും? ആരാണ് നിങ്ങളുടെ ഹെഡ്? നിങ്ങൾക്ക് കുർബ്ബാനയുണ്ടോ? കുമ്പസാരമുണ്ടോ? മാതാവുണ്ടോ? അച്ചന്മാരുണ്ടോ?.... സമൂഹം നമ്മോട് ഇത്തരം ചോദ്യങ്ങൾ ചോദിക്കുമ്പോൾ ക്ഷമയോടെ മറുപടി കൊടുക്കുക. അസ്വസ്ഥത കാണിക്കരുത്. ബൈബിളിലെ ചില സത്യങ്ങൾ അവരോട് വിളിച്ചുപറയാൻ അവർ തന്നെ തരുന്ന അവസരങ്ങളാണ് അതെല്ലാം. അതൊന്നും പാഴാക്കരുത്.

യോനായോട് അവർ ചോദിച്ച ചോദ്യങ്ങൾക്ക് യോനാ അടുത്ത വാക്യത്തിൽ മറുപടി പറയുന്നുണ്ട്. അത് നോക്കുന്നതിനുമുമ്പ് ആ ചോദ്യങ്ങൾക്ക് നമുക്ക് എന്ത് മറുപടിയാണ് കൊടുക്കാനുള്ളത് എന്ന് ചിന്തിക്കാം.

**1. നിന്റെ തൊഴിൽ എന്ത്?**

ഒരു ചെറുപ്പക്കാരനോട് "എന്താ ജോലി?" എന്നു ചോദിച്ചപ്പോൾ "ഒന്നുമില്ല" എന്നാണ് മറുപടി പറഞ്ഞത്. "വേല ചെയ്യാത്തവൻ തിന്നുക

യുമരുത്" എന്ന പ്രമാണം വച്ച ദൈവം (2 തെസ്സ.3:10), ഏദെൻതോട്ടത്തിൽ ആദാമിനുപോലും തൊഴിൽ നൽകിയിരുന്നു (ഉല്പത്തി 2:15). "നിന്റെ തൊഴിൽ എന്ത്?" എന്നു ചോദിച്ചാൽ ആദാമിനും പറയാൻ മറുപടിയുണ്ടായിരുന്നു. പഠിക്കുന്ന കുട്ടികളുടെ തൊഴിൽ പഠനമാണ്. അവർ അത് നന്നായി ചെയ്യുന്നില്ലെങ്കിൽ ഭക്ഷണം കഴിക്കാൻ പോലും വേദപുസ്തകം അവർക്ക് അനുവാദം കൊടുക്കുന്നില്ല.

അവരുടെ മുന്നിൽ നിൽക്കുന്ന യോനായോടാണ് "നിന്റെ തൊഴിൽ എന്ത്?" എന്നവർ ചോദിച്ചത്. ഏല്പിച്ച തൊഴിലിൽ ആത്മാർത്ഥത കാണിക്കാത്തവനോടാണ് ഈ ചോദ്യം ചോദിച്ചിരിക്കുന്നത്. ഏത് തൊഴിലാണോ നാം ചെയ്യുന്നത് അതിൽ ആത്മാർത്ഥതയും ഉത്സാഹവും നാം കാണിക്കണം. അങ്ങനെയുള്ളവനെ ദൈവത്തിന് ഇഷ്ടമാണ്. ഒരു നിവൃത്തിയും ഇല്ലാത്തതുകൊണ്ട് ഈ ജോലി ചെയ്യുന്നു എന്ന ചിന്താഗതി അരുത്. കഷായം കുടിക്കുന്നതുപോലെയാകരുത് നാം ജോലി ചെയ്യുന്നത്.

സഭ, വീട്, ഓഫീസ് തുടങ്ങിയിടത്തെല്ലാം നമുക്ക് ചില തൊഴിലുകൾ ചെയ്യാനുണ്ട്. അതെല്ലാം ആത്മാർത്ഥമായി നാം ചെയ്യുന്നുണ്ടോ എന്ന് സ്വയം പരിശോധിക്കുക. ഉണ്ടെങ്കിൽ ദൈവം നമ്മുടെ ഭാഗത്തുണ്ട്. ആത്മാർത്ഥമായി ജോലി ചെയ്യുന്നവരെ മാത്രമാണ് ദൈവം ശുശ്രൂഷയ്ക്ക് വിളിച്ചിട്ടുള്ളത്. മടിയനെയും ഉറക്കപ്രിയനെയും ആത്മാർത്ഥതയില്ലാത്തവനെയും ദൈവത്തിനു വേണ്ട.

സമയം തക്കത്തിൽ നാം ഉപയോഗിക്കണമെന്ന് വേദപുസ്തകത്തിൽ നിർദ്ദേശമുണ്ട്. യുവാവായ തിമൊഥെയൊസിനോട് പൗലൊസ് പറഞ്ഞത് ഇപ്രകാരമാണ്: "ഞാൻ വരുവോളം വായന, പ്രബോധനം, ഉപദേശം എന്നിവയിൽ ശ്രദ്ധിച്ചിരിക്ക" (1 തിമൊ. 4:13). ഞാനിതിനെ മറ്റൊരു രീതിയിൽ അവതരിപ്പിക്കാം: "തിമൊഥെയോസേ നീ ചെറുപ്പമാണ്. വെറുതെ സമയം പാഴാക്കരുത്. ഞാൻ വന്നിട്ട് നമുക്കൊരുമിച്ച് കുറെയേറെ കാര്യങ്ങൾ ചെയ്യാനുണ്ട്. അതുവരെ വെറുതെ ഇരിക്കരുത്. വായന, പ്രബോധനം, ഉപദേശം എന്നിവയിൽ ശ്രദ്ധിക്കണം. അലസത പാടില്ല"

ചിന്തിക്കുക: എന്താണ് എന്റെ തൊഴിൽ? ഞാൻ ആ തൊഴിലിൽ ആത്മാർത്ഥത കാണിക്കുന്നുണ്ടോ? എത്ര ബുദ്ധിമുട്ടുള്ള തൊഴിലായാലും ദൈവത്തിന് നന്ദി പറയുക. ആ തൊഴിൽ ഉത്സാഹത്തോടെ, ആത്മാർത്ഥതയോടെ ചെയ്യുക. ഒരു മാറ്റം വേണമെങ്കിൽ നമുക്ക് ദൈവത്തോട് പറയാം. ആ മാറ്റം നമുക്ക് ഗുണകരമാണ് എന്ന് ദൈവം കാണുന്നുവെങ്കിൽ മറ്റൊരു തൊഴിൽമേഖലയിൽ ദൈവം നമുക്ക് അവസരം തരും. കാത്തിരിക്കുക.

**(തുടരും)**

# ജോർജ്ജും ബേബിയും



**2**

**സുവിശേഷീകരണത്തിനുവേണ്ടി നിലകൊള്ളുന്ന ദമ്പതികൾ**

## -എംവിഎസ്-

**വിവാഹം**

1975 ജനുവരി 6 നാണ് ഇവർ വിവാഹിതരായത്. അന്നാളുകളിൽ യുവാവായ ജോർജ്ജിന് തന്റെ ജീവിതത്തിലേക്ക് വരുന്ന ആത്മസഖിയെക്കുറിച്ച് ചില സ്വപ്നങ്ങളുണ്ടായിരുന്നു. അതെപ്പറ്റി അദ്ദേഹം പറയുന്നത് കേൾക്കുക: "സുവിശേഷപ്രവർത്തനങ്ങളിൽ എന്നോട് ചേർന്ന് പ്രവർത്തിക്കുന്നതിനും ജോലിയോടുള്ള ബന്ധത്തിൽ എന്നോട് സഹകരിക്കുന്നതിനും എല്ലാ കാര്യങ്ങളിലും ആത്മാർത്ഥതയോടെ ചെയ്യുന്നതിനും മനസ്സുള്ള ഒരാളായിരിക്കണം എന്റെ ആത്മസഖി എന്ന് ഞാൻ ദൈവസന്നിധിയിൽ പ്രാർത്ഥിച്ചു. ആ പ്രാർത്ഥന ദൈവം കേട്ടു. എനിക്ക് തക്ക തുണയെ ദൈവം നൽകി. കഴിഞ്ഞ 50 വർഷം ഞങ്ങളുടെ കുടുംബജീവിതം ജയോത്സവമായി നടത്തുവാൻ സർവശക്തനായ ദൈവം ഇടയാക്കി."

യുവതിയായ ബേബി പക്ഷേ വിവാഹത്തിന് മനസ്സുകൊണ്ട് ഒരുങ്ങിയിട്ടുണ്ടായിരുന്നില്ല. ഒരു ജോലി കിട്ടിയതിനുശേഷം മാത്രം മതി വിവാഹം എന്ന തീരുമാനത്തിലായിരുന്നു മുന്നോട്ടുപോയത്. ഇ.എസ്.ഐ കോർപറേഷനിൽ ജോലി ലഭിക്കുന്നതിനായി പരീക്ഷ എഴുതി, റിസൽട്ട് കാത്തിരിക്കുന്ന നേരത്താണ് ജോർജ്ജുമായുള്ള വിവാഹാലോചന വരുന്നത്. അത് ദൈവഹിതമാണെന്ന് തിരിച്ചറിഞ്ഞ് വിവാഹത്തിനു സമ്മതിക്കുകയായിരുന്നു. "അക്കാലത്തുള്ള അനേകം യൗവനക്കാരിൽനിന്നും വ്യത്യസ്തനായി ദൈവാശ്രയവും ആത്മികതാത്പര്യവുമുള്ള ഒരു വ്യക്തിയായിരുന്നു അദ്ദേഹം" എന്ന് ബേബിജോർജ്ജ് സാക്ഷ്യപ്പെടുത്തുന്നു.

1975 ജനുവരി
6

കഴിഞ്ഞ 50 വർഷത്തിലധികം ഒരുമിച്ചുനിന്നതിലൂടെ ആ വിവാഹം ദൈവഹിതം തന്നെയായിരുന്നു എന്നു അവർ തെളിയിച്ചുകഴിഞ്ഞു.

**മക്കൾ**

രണ്ടു മക്കളെ ദൈവം അവർക്ക് ദാനമായി കൊടുത്തു - ഒരാണും ഒരു പെണ്ണും. അവർ കുടുംബമായി കഴിയുന്നു.

**ജോലി**

ബേബിജോർജ്ജ് എഴുതിയ പരീക്ഷയുടെ റിസൽട്ട്, വിവാഹം കഴിഞ്ഞ് അടുത്ത ആഴ്ച തന്നെ വന്നു. ഉടനെ ഇഎസ്ഐ കോർപറേഷനിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. ജോർജ്ജ് മുന്നേ ചെയ്തിരുന്ന ജോലി വിട്ട് സ്വന്തമായി ബിസിനസ്സ് ആരംഭിച്ചു. പക്ഷേ അത് നഷ്ടത്തിൽ കലാശിക്കുകയായിരുന്നു. എല്ലാ സ്വത്തും വിറ്റ് ബിസിനസ്സ് വിജയിപ്പിക്കാൻ ശ്രമം നടത്തി. പക്ഷേ ഗുണമുണ്ടായില്ല. വലിയ കടബാധ്യതയുണ്ടായതിനെത്തുടർന്ന്, 1983 ൽ അവർ കുടുംബമായി ചെന്നൈയിലേക്ക് താമസം മാറ്റി. ബേബിജോർജ്ജിന്റെ ജോലി തൃശ്ശൂരിൽനിന്നും ചെന്നൈയിലേക്ക് ട്രാൻസ്ഫർ വാങ്ങി. അവിടെ ഇഎസ്ഐ വക ക്വാർട്ടേഴ്സിൽ താമസം മാറ്റി. പിന്നീട് പുതിയൊരു ബിസിനസ്സ് (ടെക്സ്റ്റൈൽസ്, ടെയിലറിംഗ്) തുടങ്ങി. ഒട്ടും പരിചയമില്ലാത്ത മേഖലയായിരുന്നു അത്.

**സുവിശേഷപ്രവർത്തനത്തിനുള്ള വിളി**

1999 ആഗസ്റ്റ് 18. കാലത്ത് 10 മണി. തന്റെ ടെക്സറ്റൈൽസ് ഷോപ്പിൽ ജോലിക്കാർ ആരും അന്ന് വന്നിരുന്നില്ല. വളരെ നിരാശനായി സഹോദരൻ ജോർജ്ജ് ആ കടയിൽ ഇരിക്കുകയായിരുന്നു. അന്നേരം ദൈവാത്മാവ് അദ്ദേഹത്തോട് ഇടപെട്ടു. "നീ ഇതുവരെ നിനക്കുവേണ്ടി അദ്ധ്വാനിച്ചു. എനിക്കുവേണ്ടി അദ്ധ്വാനിക്കുവാൻ സമയമുണ്ടോ?" ഈ ചോദ്യത്തിനു മുന്നിൽ അദ്ദേഹം തന്നെത്തന്നെ സുവിശേഷവേലയ്ക്കായി സമർപ്പിച്ചു. തുടർന്ന് ചെന്നൈയിലുള്ള ഹിന്ദുസ്ഥാൻ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്നു.

ഉച്ചയ്ക്ക് ഭക്ഷണത്തിനായി വീട്ടിലെത്തിയപ്പോൾ അദ്ദേഹം തന്റെ ഭാര്യയോട് പറഞ്ഞു: "ഞാൻ സുവിശേഷവേലയ്ക്കായി എന്നെത്തന്നെ സമർപ്പിച്ചു. ബൈബിൾകോളേജിൽ ചേർന്നു" ഭാര്യയുടെ മറുപടി ഇപ്രകാരമായിരുന്നു: "സുവിശേഷവേല വളരെ നല്ലതാണ്. പക്ഷേ നമുക്ക് വളരെയധികം കടം ഉണ്ട്. കടക്കാരനായി സുവിശേഷവേലയ്ക്ക് പോകുന്നത് നല്ലതല്ല." തുടർന്ന് അവർ രണ്ടുപേരും ഈ വിഷയത്തിനുവേണ്ടി പ്രാർത്ഥിച്ചു. ബൈബിൾകോളേജിലെ പഠനം തീരുന്നതിനുമുമ്പ് എല്ലാ കടവും വീട്ടുവാൻ സർവശക്തനായ ദൈവം അവർക്ക് കൃപ ചെയ്തു.

**ഇമ്മാനുവേൽ പബ്ലിക്കേഷൻസ്**

ലിറ്ററേച്ചർ മിനിസ്ട്രി ചെയ്യാനാണ് കർത്തൃദാസൻ ജോർജ്ജ് തീരുമാനിച്ചത്. അതിനെപ്പറ്റി അദ്ദേഹം ഇങ്ങനെയാണ് പറഞ്ഞത്: "ബൈബിൾ കോളേജിലെ പഠനം കഴിഞ്ഞ് ഇറങ്ങുമ്പോൾ എനിക്ക് 52 വയസ്സായിരുന്നു. സുവിശേഷപ്രവർത്തനം എങ്ങനെ നടത്തണം എന്നത് സംബന്ധിച്ച് പ്രാർത്ഥിച്ചപ്പോൾ ദൈവം തുറന്നുതന്ന മാർഗ്ഗമായിരുന്നു ലിറ്ററേച്ചർ മിനിസ്ട്രി

എന്നത്. 2000–ത്തിൽ ഇമ്മാനുവേൽ പബ്ലിക്കേഷൻസ് എന്ന സ്ഥാപനം ആരം ഭിച്ചു. ആദ്യമായി ക്രിസ്തീയ സംഗീത രത്നാവലി എന്ന പാട്ടുപുസ്തകം പ്രസിദ്ധീകരിച്ചു. മലയാളംപാട്ടുകൾ ഇംഗ്ലീഷിലേക്ക് ലിപ്യന്തരണം (transliteration) ചെയ്ത് ഇറക്കിയ പുസ്തകമായിരുന്നു അത്. ഇതിലെ എല്ലാ പാട്ടുകളും ഇംഗ്ലീഷിലേക്ക് ട്രാൻസ്ലിറ്ററേറ്റ് ചെയ്തത് എന്റെ ഭാര്യ യാണ്"

തമിഴ്പാട്ടുകളടങ്ങിയ പാട്ടുപുസ്തകങ്ങൾ പിന്നീട് പ്രസിദ്ധീകരിച്ചു. ബുക്ക്ഷോപ്പിൽ വിൽപ്പന കുറവായിരുന്നു. അതുകൊണ്ട് ചെന്നൈയിൽ പാസ്റ്റർമാരുടെ കോൺഫറൻസ് നടക്കുന്നിടത്തും കൺവൻഷൻ നടക്കുന്നി ടത്തുമെല്ലാം ബുക്ക്സ്റ്റാൾ ഇട്ട് പുസ്തകവിൽപ്പന നടത്തുവാൻ തുടങ്ങി.

അങ്ങനെയുള്ള ഒരു അവസരത്തിൽ സംഭവിച്ച കാര്യം ജോർജ്ജ്സാർ ഞാനുമായി പങ്കുവച്ചു: "ഒരു കൺവൻഷൻമീറ്റിംഗിൽ വച്ച് ഒരു തമിഴ്സ്ത്രീ ബൈബിൾ വാങ്ങാനായി വന്നു. അവരുടെ മുഷിഞ്ഞ വസ്ത്രവും അവർ തന്ന പഴയ നോട്ടുകളും നാണയങ്ങളുമെല്ലാം കണ്ടപ്പോൾ, എന്റെ മനസ്സിൽ കർത്താവ് ഒരാലോചന തന്നു: നോക്കുക, ഈ പാവപ്പെട്ട സ്ത്രീ എത്ര കഷ്ടപ്പെട്ടാണ് എന്റെ വചനം വാങ്ങുന്നത്? കർത്താവിന്റെ ഈ ചോദ്യം എന്റെ മനസ്സിൽ വളരെ വേദനയുണ്ടാക്കി. അന്നുമുതൽ തമിഴ് ബൈബിൾ ഞങ്ങൾ വാങ്ങി വിലകുറച്ച് കൊടുക്കാനായി തുടങ്ങി. വളരെ ബുദ്ധിമുട്ടു ള്ളവർക്ക് ബൈബിൾ ഫ്രീ ആയി കൊടുക്കുകയും ചെയ്തു. ഈ നില യിൽ ഏകദേശം രണ്ടായിരത്തോളം തമിഴ് ബൈബിൾ ഞങ്ങൾ വിതരണം ചെയ്തിട്ടുണ്ട്."

**തമിഴ്ബൈബിൾ പ്രിന്റ് ചെയ്യുന്നു**

ബൈബിൾ സൊസൈറ്റിയുടെ ഓഫീസിൽ പോയി തമിഴ് ബൈബിൾ വാങ്ങി, വിതരണം ചെയ്യുന്ന പതിവ് പെട്ടെന്നൊരു ദിവസം അവസാനിപ്പി ക്കേണ്ടി വന്നു. ബൈബിൾ സൊസൈറ്റിയുടെ ഓഫീസിൽ പോയി ഒരു ദിവസം തമിഴ് ബൈബിൾ ചോദിച്ചപ്പോൾ, അവിടത്തെ സെക്രട്ടറി "ബൈ ബിൾ ഇല്ല" എന്നു പറഞ്ഞു. ബൈബിൾവിതരണം നല്ല ഉന്മേഷത്തോടെ നടത്തിയിരുന്ന ജോർജ്ജ്സാറിന് അത് വളരെയധികം വിഷമമുണ്ടാക്കി. ആ സെക്രട്ടറിയുമായി ചില വാഗ്വാദങ്ങളും നടന്നു. ഈ സംഭവമാണ് തമിഴ് ബൈബിൾ പ്രിന്റ് ചെയ്യാനുണ്ടായ പ്രചോദനം.

ഡിറ്റിപി ചെയ്ത്, നാലഞ്ച് ആളുകളെ വച്ച് പ്രൂഫ് നോക്കിച്ചു. മൂന്നു വർഷത്തിലധികം ഇതിനെല്ലാം വേണ്ടി വന്നു. അങ്ങനെ 2010 ൽ തമിഴ്ബൈ ബിൾ പ്രസിദ്ധീകരിച്ചു. അന്ന് 180 രൂപയുള്ള ബൈബിൾ അവർ 120 രൂപ യ്ക്കാണ് വിതരണം ചെയ്തത്.

**(തുടരും)**

# തട്ടും തലോടലും

-എംവിഎസ്-

9

**ഉമ്മക്കമിതാക്കളും പോലീസും**

പൊതുസ്ഥലത്ത് ഉമ്മവച്ച് നിന്ന കമിതാക്കളെ കണ്ട് ജനം അന്തം വിട്ട് നിന്നുപോയി. *കണ്ട്രി ഫെലോസ്!* ആരോ അങ്ങനെ പറഞ്ഞുവത്രേ! അയ്യോ! അങ്ങനെ അയാൾ വിളിച്ചത് കമിതാക്കളെയല്ല, അന്തം വിട്ടു നിന്നുപോയ ജനത്തെയാണ്. ഏത് നൂറ്റാണ്ടിലാണ് ഇവറ്റകളൊക്കെ ജീവിക്കുന്നത്? രണ്ട് കമിതാക്കൾ വീടുവരെ എത്താനോ പൊന്തക്കാട് വരെ പിടിച്ചുനിൽക്കാനോ കഴിയാത്തതുകൊണ്ട് പരസ്യമായി കെട്ടിപ്പിടിച്ച് ഉമ്മവച്ച് സർവ്വം മറന്നുനിന്നതിന് കുറെ സദാചാരവാദികൾ ഇറങ്ങിയിരിക്കുന്നു. മക്കള് കെട്ടിപ്പിടിച്ചു നിന്നോടാ. ഒരുത്തനും ചോദിക്കാൻ വരില്ല. കരഞ്ഞ് കാമം തീർക്കുന്ന കഴുതകളേക്കാൾ, ഉമ്മവച്ച് പരലോകപ്രാപ്തി നേടുന്നത് എത്രയോ നല്ലത്!

എന്നിട്ടും ഒരുത്തൻ, ഒരു സദാചാരചേട്ടൻ, വെവരമില്ലാത്തവൻ, നാട്ടിൽ നടക്കുന്ന വികസനമൊന്നും അറിയാത്തവൻ പോലീസ്സ്റ്റേഷനിൽ വിളിച്ച് പരാതി പറഞ്ഞിരിക്കുന്നു. ഫോണിന്റെ മറുതലക്കൽ നിൽക്കുന്ന പോലീസ് ജീപ്പുമെടുത്ത് പാഞ്ഞ്വന്ന് ആ ഇണക്കുരുവികളെ തൂക്കിയെടുത്ത് കൊണ്ടുപോകും എന്ന് ചിന്തിച്ച ആ ചേട്ടന് തെറ്റി. കഞ്ചാവ്കേസിൽ ഒരു എംഎൽഎയുടെ മകനെ അറസ്റ്റ് ചെയ്ത് കൈപൊള്ളിയത് ഇതുവരെ സൗഖ്യമായില്ല. *ഈശ്വരൻ ഹിന്ദുവല്ല, ക്രിസ്ത്യാനിയല്ല, ഇസ്ലാമല്ല* എന്ന പാട്ട്.... അയ്യോ, തെറ്റി. പാട്ട് തെറ്റി. അങ്ങനെയല്ല... *ഞാൻ പാണനല്ല, പറയനല്ല, പുലയനല്ല* എന്ന പാട്ട് പാടി മാലോകരെ കയ്യിലെടുത്ത വേടൻ എന്ന അപരനാമത്തിൽ അറിയപ്പെടുന്ന യുവാവിനെ കഞ്ചാവ്കേസിൽ അറസ്റ്റ് ചെയ്തതിന്റെയും പൊള്ളൽ പോലീസിന് മാറിയിട്ടില്ല. അപ്പോഴാണ് ഇവിടെ ഒരുത്താൻ ഉമ്മപ്പരാതിയുമായി വന്നിരിക്കുന്നത്.

പോലീസ് : നിങ്ങളുടെ സ്ഥലത്താണോ അവർ നിൽക്കുന്നത്?
മറുപടി : അല്ല
പോലീസ് : അവർ ബഹളമുണ്ടാക്കുന്നുണ്ടോ?
മറുപടി : ഇല്ല
പോലീസ് : പിന്നെന്താണ് പ്രശ്നം? ഒന്നുകിൽ നിങ്ങൾക്കത് കണ്ട് ആസ്വദിച്ചുനിൽക്കാം. അല്ലെങ്കിൽ നിങ്ങൾക്ക് കണ്ണടച്ചു പിടിക്കാം. അല്ലെങ്കിൽ മാറിപ്പോകാം. ഓകെ?

പോലീസ് അവരുടെ നിസ്സഹായാവസ്ഥ പ്രകടമാക്കി.

# കൊച്ചുണ്ണിയുടെ ബൈബിൾവായന

## 29

**എംവിഎസ്**

# ആ കുരുടന് അതെങ്ങനെ മനസ്സിലായി?

ഇട്ടിയപ്പച്ചനും മൂപ്പനും ഇരുന്ന് സംസാരിക്കുന്നിടത്തേക്ക് കൊച്ചുണ്ണി ബ്രദർ നല്ല വേഗത്തിൽ നടന്നുവരുന്നത് കണ്ടിട്ട്, ഇട്ടിയപ്പച്ചൻ പറഞ്ഞു: "ദേ മൂപ്പാ, നോക്ക്, നമ്മുടെ കൊച്ചുണ്ണി ബ്രേക്ക് പോയ ലോറിയുടെ പോലെ വര്ണ്ണ്ട്"

"കാര്യം എന്തൊക്കെയായാലും കൊച്ചുണ്ണിബ്രദർ എല്ലാ ദിവസവും ബൈബിൾ വായിക്കുന്നവനാണ്. ഇന്നത്തെ പലരിലും കാണാത്ത ഒരു കാര്യമാണത്" മൂപ്പൻ പറഞ്ഞു.

അത് മൂപ്പൻ തനിക്കിട്ട് ഒന്ന് തന്നതാണോ എന്ന് ഇട്ടിയപ്പച്ചന് സംശയം തോന്നി. "ഞാൻ എല്ലാ ദെവസോം ബൈബിള് വായിക്കാറ്ണ്ട് മൂപ്പാ..." ഇട്ടിയപ്പച്ചൻ ഇങ്ങനെ പറഞ്ഞപ്പോൾ മൂപ്പൻ പറഞ്ഞു: "അങ്ങനെ വേണം. എല്ലാ ദിവസവും ബൈബിൾ വായിക്കുകയും അതിനെക്കുറിച്ച് ചിന്തിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രാർത്ഥിക്കുകയും വേണം."

അപ്പോഴേക്കും കൊച്ചുണ്ണിബ്രദർ അവരുടെയടുത്ത് എത്തി. പതിവുപോലെ ഇട്ടിയപ്പച്ചൻ കൊച്ചുണ്ണിയെ ചൊറിഞ്ഞുതുടങ്ങി:

"എന്താ കൊച്ചുണ്ണ്യേ, മുഖത്തൊരു വൈക്ലബ്യം, വൈമനസ്യം, വൈരാഗ്യം, വൈമുഖ്യം, വൈവശ്യം?"

"ഇട്ടിയപ്പച്ചന്റെ 'വൈ' വച്ചുള്ള വാക്കുകളുടെ സ്റ്റോക്ക് തീർന്നോ?" കൊച്ചുണ്ണിബ്രദർ ദേഷ്യത്തോടെയാണത് ചോദിച്ചത്.

അപ്പോഴേക്കും മൂപ്പൻ ഇടപെട്ടു. "കൊച്ചുണ്ണിസഹോദരാ, സുഖമല്ലേ?"

"സൊഖം തന്നേ. പക്ഷേ ബൈബിള് വായിക്കുമ്പോഴാണ് പ്രശ്നം."

"ഇന്ന് ബൈബിള് വായിച്ചപ്പോ എന്താ ഉണ്ടായേ, കൊച്ചുണ്ണ്യേ?" ഇട്ടിയപ്പച്ചന് ആകാംക്ഷ.

"മർക്കൊസ് 8-ാം അദ്ധ്യായത്തിൽ കർത്താവ് ഒരു കുരുടന് കാഴ്ച കൊടുത്ത കാര്യം പറഞ്ഞിരിക്കുന്നു. കാഴ്ച കുറച്ചുമാത്രം ലഭിച്ച അവൻ, മനുഷ്യർ നടക്കുന്നത് മരങ്ങൾ പോലെയാണ് എന്നു പറഞ്ഞു (8:24)"

ഇത്രയും പറഞ്ഞിട്ട് കൊച്ചുണ്ണി അല്പം സ്വരമുയർത്തി ചോദിച്ചു: "മരങ്ങൾ നടക്കുന്നതുപോലെ എന്നു പറയാൻ ഇത്രനാളും കുരുടൻ ആയിരുന്ന ഇയാൾക്ക് എങ്ങനെ കഴിഞ്ഞു? അയാൾ മരങ്ങളെ ഇതിനുമുമ്പ് കണ്ടിട്ടില്ലല്ലോ"

"അത് ശരിയാണല്ലോ മൂപ്പാ..." ഇട്ടിയപ്പച്ചൻ മുഖം ചുളിച്ചു.

മൂപ്പൻ മറുപടി പറഞ്ഞു: "പ്രധാനമായും രണ്ട് സാധ്യതകളാണ് ഇവിടെയുള്ളത്. ഒന്നാമത്, ആ കുരുടൻ ജന്മനാ കുരുടനായിരുന്നുവെന്ന് അവിടെ രേഖപ്പെടുത്തിയിട്ടില്ല. തന്റെ ജീവിതകാലത്ത് കാഴ്ചയുള്ളവനായി ജീവിച്ച നാളുകൾ തനിക്കുണ്ടായിരിക്കാം. പിന്നീട് എങ്ങനെയോ അയാൾക്ക് അന്ധത പിടിപ്പെട്ടതാകാം"

"രണ്ടാമത്തെ സാധ്യതയെക്കുറിച്ചും കൂടെ പറയാം. അയാൾ ജന്മനാ അന്ധനാണെന്നു വന്നാലും മരങ്ങളെക്കുറിച്ച് അയാൾക്ക് അറിവുണ്ടായെന്നു വരാം. മറ്റുള്ള ആളുകളിൽനിന്ന് മരങ്ങളെക്കുറിച്ച് പറഞ്ഞുകേട്ട അറിവും താൻ സ്വയമായി മരങ്ങളെ തൊട്ടും തലോടിയും നേടിയ അറിവും ഇതിന് ധാരാളം മതി"

മൂപ്പൻ പറഞ്ഞുനിർത്തി. കൊച്ചുണ്ണിബ്രദർ നിശബ്ദനായി നിന്നു.

"എന്താ കൊച്ചുണ്ണ്യേ, തൃപ്തിയായില്ലേ?" ഇട്ടിയപ്പച്ചൻ ചോദിച്ചു.

അതിനു മറുപടി കൊടുക്കാതെ കൊച്ചുണ്ണിബ്രദർ അടുത്ത ചോദ്യം ചോദിച്ചു: "8:23 ൽ കർത്താവ് ആ കുരുടന്റെ കണ്ണിൽ തുപ്പി എന്ന് വായിക്കുന്നുണ്ട്. കർത്താവ് എന്തിനാണ് അയാളുടെ കണ്ണിൽ തുപ്പിയത്?"

ഇട്ടിയപ്പച്ചൻ ഒന്നു പരുങ്ങി. മൂപ്പനെ പ്രതീക്ഷയോടെ നോക്കി. മൂപ്പൻ പറഞ്ഞു: "കർത്താവ് എന്തിനാണ് അങ്ങനെ ചെയ്തതെന്ന് എനിക്ക് അറിഞ്ഞുകൂടാ. അങ്ങനെ തുപ്പിയതിന്റെ കാരണം വചനത്തിൽ രേഖപ്പെടുത്തിയിട്ടില്ല."

"ഹലാൽതുപ്പലാണോ ഇത്? ഭക്ഷണത്തിൽ ഉസ്താദുമാർ തുപ്പുമെന്നും അങ്ങനെ ആ ഭക്ഷണം ഹലാൽ ആകുമെന്നും പറഞ്ഞുകേട്ടിട്ടുണ്ട്." ഇട്ടിയപ്പച്ചനാണ് ഈ അറിവ് വിളമ്പിയത്.

ചൂടേറിയ ഒരു ഹലാൽചർച്ചയ്ക്ക് മൂപ്പൻ തല വച്ചുകൊടുത്തില്ല. പകരം ഇങ്ങനെ മറുപടി പറഞ്ഞു: "ഹലാൽ, ഹറാം എന്നിവയൊക്കെ അറബിവാക്കുകളാണ്. മുസ്ലീങ്ങൾ ഉപയോഗിക്കുന്ന വാക്കുകളാണ്. യേശുവും ഈ പദങ്ങളുമായി ബന്ധമൊന്നുമില്ല."

"എന്തായാലും കർത്താവ് ആ കുരുടന്റെ കണ്ണിൽ തുപ്പിയത് മോശമായിപ്പോയി" കൊച്ചുണ്ണിബ്രദർ അതൃപ്തിയോടെ പറഞ്ഞു.

"കുരുടന്റെ കണ്ണിലേക്കല്ലേ തുപ്പിയത്, അല്ലാണ്ട് നിന്റെ കണ്ണിലേക്കല്ലല്ലോ കൊച്ചുണ്ണ്യേ? ആ കുരുടന് അതിൽ പരാതിയും പ്രതിഷേധവും ഇല്ലല്ലോ. പിന്നെന്തിനാ നീ വെഷമിക്കുന്നത്?" ഇട്ടിയപ്പച്ചന്റെ കൗണ്ടർ.

മൂപ്പൻ ഇടപെട്ടു: "ഏതായാലും ഇന്നത്തെ അത്ഭുതരോഗശാന്തിക്കാർ ആരുടെയും കണ്ണിൽ തുപ്പുന്നത് കണ്ടിട്ടില്ല. ഭാഗ്യം."

"അതിന് കുരുടന് കാഴ്ച കൊടുക്കാൻ അത്ഭുതരോഗശാന്തിക്കാരൻ പോകുന്നില്ലല്ലോ. അതിന് അവന് ഒത്തിരി പുളിക്കും. തലവേദനയും വയറുവേദനയും മാറ്റുന്നതുപോലെയല്ല അത്." ഇങ്ങനെ പറഞ്ഞ് ഇട്ടിയപ്പച്ചൻ കുലുങ്ങിച്ചിരിച്ചു.

**www.reallifevoice.in**

**ഡോ. എം. വി. സെബാസ്റ്റ്യന്റെ കൃതികൾ**

1. വിശ്വാസവും സ്നാനവും: ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?
2. മൂപ്പൻ
3. സഭ
4. പരിശുദ്ധാത്മാവ്
5. യോവേൽ (പുസ്തകപഠനം)
6. ഓബദ്യാവ് (പുസ്തകപഠനം)
7. മീഖാ (പുസ്തകപഠനം)
8. ഹബക്കൂക് (പുസ്തകപഠനം)
9. കുടുംബജീവിതം
10. മൂലഭാഷകളൂടെ സൗന്ദര്യം
11. ചോദ്യവും ഉത്തരവും
12. തലമുറകൾ
13. മഹാകവി കെ. വി. സൈമൺ
14. തൃശ്ശൂരിലെ താരപ്പേട്ടൻ അഥവാ സി. വി. താരപ്പൻ
15. തിരുവട്ടാർ കൃഷ്ണൻകുട്ടി: പ്രസംഗപീഠത്തിലെ ബാലസിംഹം
16. സൺഡേസ്കൂൾ പാഠങ്ങൾ (ഭാഗം 1)
17. ഖുർആൻ: ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ
18. ഇമ്മാനുവിന്റെ സംശയങ്ങൾ
19. ചിന്തകൾ പന്തങ്ങളാകുമ്പോൾ (എന്റെ ഡയറിക്കുറിപ്പുകൾ)
20. സത്യം തേടി...
21. പുതിയനിയമത്തിലൂടെ യാത്ര ചെയ്യുമ്പോൾ...
22. റോമർ 16-ാം അദ്ധ്യായത്തിലെ ദൈവമക്കൾ
23. Faith and Baptism: How Was It Taught and Practiced in the First Century?
24. The Search for Truth
25. Youth and Mental Health
26. Suicide and Its Causes: What Does the Bible Say?

**ഈ പുസ്തകങ്ങൾ ആവശ്യമുള്ളവർക്ക് വെബ്സൈറ്റിൽനിന്നു നേരിട്ട് അവ download ചെയ്യാവുന്നതാണ്. അല്ലെങ്കിൽ നിങ്ങളുടെ വാട്സാപ് നമ്പറിൽ ആവശ്യപ്പെടുക. അപ്പോൾ ആവശ്യമുള്ള പുസ്തകങ്ങളുടെ pdf ആ വാട്സാപ് നമ്പറിലേക്ക് ഞങ്ങൾ അയച്ചുതരുന്നതാണ്.**

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2023-25
Licence No. KL/CR/TCR/WPP-01/2023-25
Licensed to Post Without Prepayment.

Published on
17th August 2025

Posted at
Thrissur RMS

**ആനുകാലികം**

## ഛത്തീസ്ഗഡിലെ കന്യാസ്ത്രീകൾ!

ഛത്തീസ്ഗഡിലെ മലയാളികളായ രണ്ട് കന്യാസ്ത്രീകളെ മനുഷ്യക്കടത്ത്, മതപരിവർത്തനം എന്നീ ജാമ്യമില്ലാത്ത രണ്ട് വകുപ്പുകൾ ചുമത്തി അറസ്റ്റ് ചെയ്ത് ജയിലിൽ അടച്ചത് ജൂലായ് 25 നാണ്. കെട്ടിച്ചമച്ച കേസാണിതെന്ന് ഭക്ഷണം വായിലൂടെ കഴിക്കുന്ന ഏതൊരാൾക്കും അറിയാവുന്ന കാര്യമാണ്. സാമൂഹ്യസേവനരംഗത്ത് ക്രൈസ്തവർ നടത്തുന്ന മുന്നേറ്റങ്ങളെ കണ്ട് അന്തം വിട്ടുപോകുന്ന തീവ്രഹിന്ദുവാദികൾക്ക് ആ മുന്നേറ്റങ്ങളുടെ സുഗന്ധം ആസ്വദിക്കാൻ കഴിയാതെ വരുമ്പോൾ അവർ സ്വയം ദുർഗന്ധം പൊഴിച്ച് ഭീകരവാദം കളിക്കുന്നു. അതാണ് ബജ്രംഗ്ദൾ പോലുള്ള സംഘടനകൾ ചെയ്തുകൂട്ടുന്നത്.

സ്ത്രീകളാണെന്ന പരിഗണന പോലും കൊടുക്കാതെയാണ് അവരോട് പെരുമാറിയത് എന്ന് റിപ്പോർട്ടുകൾ പറയുന്നു. *ബേഠി ബചാവോ, ബേഠി പഠാവോ* (മകളെ രക്ഷിക്കൂ, മകളെ പഠിപ്പിക്കൂ) എന്ന മുദ്രാവാക്യം മെനഞ്ഞവർ എവിടെ? അല്ല, അത് പോട്ടെ. പാലസ്തീന് വേണ്ടി കുരച്ചുചാടിയ പലരും ഇക്കാര്യത്തിൽ എന്തേ ഇത്ര വിശാലമായ മൗനം പാലിക്കുന്നു? മതം നോക്കിയാണ് നേതാക്കൾ പ്രതികരിക്കുന്നതെങ്കിൽ അതിന്റെ പിന്നിൽ മനുഷ്യസ്നേഹമല്ല, വോട്ട് നേടുക എന്ന സ്വാർത്ഥലക്ഷ്യമാണുള്ളത്.

കേരളത്തിൽനിന്നുള്ള പ്രതിപക്ഷ എംപിമാരും രാഹുൽഗാന്ധിയും ലോകസഭയിൽ ഈ പ്രശ്നമുയർത്തി ശക്തമായി വാദിച്ചു എന്നതിൽ സന്തോഷം. എന്നാൽ മലയാളിയും കത്തോലിക്കനുമായ കേന്ദ്ര ന്യൂനപക്ഷകാര്യ സഹമന്ത്രി ശ്രീ. ജോർജ്ജ് കുര്യൻ ഇതുവരെ (29-07-2025) അനുകൂലമായി പ്രതികരിച്ചില്ല! പ്രിയ മന്ത്രീ, അവിടെ ജയിലിൽ കിടക്കുന്നത് നിങ്ങളുടെ കൂട്ടത്തിലെ രണ്ട് സഹോദരിമാണ്.

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V